കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17 തീയതി: 01.04.2017

സർക്കുലർ നമ്പർ:50/2017-18

വിഷയം: 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (അവാർഡ് ഓഫ് സ്കോളർഷിപ്പ്) പ്ലാൻ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1) ഈ ഓഫീസിലെ 23.09.2014- ലെ ഉത്തരവ് നമ്പർ W2-20000/12.
2) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ.
3) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള ജില്ലാ കമ്മിറ്റി / സബ് ഓഫീസിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കളില് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന ഒരു വിദ്യാർത്ഥിയ്ക്ക് സൂചന (1) പ്രകാരം പ്രതിമാസം 250/- രൂപ നിരക്കിൽ 2 വർഷത്തേയ്ക്ക് ഉപരിപഠനത്തിനായി പ്രതിമാസ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ജില്ലാ കമ്മിറ്റി / സബ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസിൽനിന്നും എല്ലാ വിഷയങ്ങൾക്കും എ+ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന ഒരു വിദായാർത്ഥിക്ക് പ്രതിമാസ സ്കോളർഷിപ്പ് ആനുകൂല്യം നൽകി വരുന്നുണ്ട്.

സൂചന (2), (3) പ്രകാരം ചുമട്ടു തൊഴിലാളികളുടെ മക്കളുടെ പ്രതിമാസ സ്കോളർഷിപ്പ് തുക നിലവിലുള്ള 250/- രൂപയിൽ നിന്നും 300/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് സൂചന സർക്കുലറിന് ഭാഗികമായ മാറ്റം വരുത്തിക്കൊണ്ട് താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും ഭേദഗതികളും പൊതു അറിവിന് വീഴ്ച കൂടാതെ പാലിക്കപ്പെടുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള ജില്ലാ കമ്മിറ്റി / സബ് ഓഫീസിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന ഒരു വിദ്യാർത്ഥിയ്ക്ക് നൽകി വരുന്ന പ്രതിമാസ സ്കോളർഷിപ്പ് തുക 250/- രൂപയിൽനിന്നും 01.04.2017 മുതൽ പ്രാബല്യത്തിൽ 300/- രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഭേദഗതി വരുത്തിയിരിക്കുന്നു.

പ്രതിമാസ സ്കോളർഷിപ്പ് വിതരണം നടത്തുന്നത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന മറ്റ് വ്യവസ്ഥകളും, നടപടി ക്രമങ്ങളും മാറ്റമില്ലാതെ തുടരുന്നതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി / സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി / സബ് ഓഫീസ് ചെയർമാന്മാർ രസീത് അയയ്ക്കേണ്ടതാണ്.

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്